# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4945

21.10.2011-ൽ മറുപടിക്ക്.

## വ്യാവസായിക മുന്നേറ്റത്തിന് കെ.എസ്.ഐ.ഡി.സി-യുടെ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ് :<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു. കുരുവിള : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി-യുടെ സുവർണ്ണ ജൂബിലിയോടനു--ബന്ധിച്ച് കെ.എസ്.ഐ.ഡി.സി -യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ)<br>കെ.എസ്.ഐ.ഡി.സി-യുടെ സുവർണ്ണ ജൂബിലി കാലയളവിൽ പ്രവർത്തനം വിപുലപ്പെടുത്തുന്ന--തിന്റെ ഭാഗമായി താഴെപ്പറയുന്ന ആനുകൂല്യങ്ങ-ളും ഇളവുകളും പ്രഖ്യാപിച്ചിട്ടുണ്ട്.<br>1. കെ.എസ്.ഐ.ഡി.സി നൽകുന്ന സാമ്പത്തിക വായ്പകൾക്ക് ചുമത്തിയിട്ടുള്ള പ്രോസസിംങ്ങ് ഫീസായ 75,000/- രൂപ ഈ കാലയളവിൽ ഒഴിവാക്കിയിട്ടുണ്ട്.<br>2. ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിനെ--ക്കാൾ കുറഞ്ഞ പലിശയാണ് കെ.എസ്.ഐ. ഡി.സി-യുടെ ദീർഘകാല വായ്പകൾക്ക് ചുമത്തുന്നത്. എന്നാൽ സുവർണ്ണ ജൂബിലി വർഷത്തിൽ കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിനായി പലിശയിൽ ഒരു ശതമാനം ഇളവ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>3. ഈ കാലയളവിൽ കൃത്യമായി തവണകൾ തിരിച്ചടക്കുന്നവർക്ക് 0.5% പ്രത്യേക കിഴിവ് അനുവദിക്കുന്നതാണ്.<br>4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരി--ച്ചിട്ടുള്ള പീഡിത വ്യവസായങ്ങൾക്ക് ഈ കാലയളവിൽ ഒരു ശതമാനം പ്രത്യേക കിഴിവ് അനുവദിക്കും. |
| (ബി) പ്രവാസി നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കെ.എസ്.ഐ.ഡി.സി-യുടെ പ്രത്യേകമായ പാക്കേജ് നടപ്പാക്കുമോ ; | (ബി) കെ.എസ്.ഐ.ഡി.സി സുവർണ്ണ ജൂബിലി--യുടെ ഭാഗമായി 31.07.2011 മുതൽ 30.07.2012 വരെ പ്രവാസി വ്യവസായി--കൾക്ക് 2% പലിശ നിരക്കിൽ ഇളവോടു കൂടി വായ്പ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കെ.എസ്.ഐ.ഡി.സി-യുടെ ടേം ലോണുകളിൽ പ്രോസസിങ്ങ് ഫീ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) കെ.എസ്.ഐ.ഡി.സി സുവർണ്ണ ജൂബിലിയുടെ ഭാഗമായി 31.07.2011 മുതൽ 30.07.2012 വരെ കെ.എസ്.ഐ.ഡി.സി അനുവദിക്കുന്ന ടേം ലോണുകൾക്ക് പ്രോസസിംങ്ങ് ഫീ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ വ്യാവസായിക പ്രക്രിയയിൽ കെ.എസ്.ഐ.ഡി. സി കൂടുതൽ പങ്കാളിയാകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) സംസ്ഥാനത്തെ വ്യാവസായിക പ്രക്രിയ--യിൽ കൂടുതൽ പങ്കാളിയാകുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>1) എമർജിംഗ് കേരള നിക്ഷേപക സംഗമം.<br>2) ഏകജാലക ക്ലിയറൻസ് സംവിധാനം ഓൺലൈനായി നടത്താനുള്ള പദ്ധതി.<br>3) അനുബന്ധ പ്രകൃതി വാതക അടിസ്ഥാന സൗകര്യ പദ്ധതി.<br>4) അതിവേഗ റെയിൽ പാത, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ.<br>5) കുറ്റിയാടി നാളികേര വികസന പാർക്ക്, കോഴിക്കോട്.<br>6) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി.<br>7) ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി.<br>8) ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്.<br>9) ഓഷനേറിയം പ്രോജക്ട്, കൊച്ചി.<br>10) ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം.<br>11) പെട്രോനെറ്റ് എൽ.എൻ.ജി വൈദ്യുത പദ്ധതി, പുതുവൈപ്പിൻ.<br>12) റൈറ്റാനിയം സ്പോഞ്ച് പിഗ്മെന്റ് മിനറൽ കോംപ്ലെക്സ്, ചവറ, കൊല്ലം.<br>13) കൊച്ചി റിഫൈനറിയുടെ വിപുലീകരണവും പെട്രോ കെമിക്കൽ പദ്ധതിയും.<br>14) ചീമേനി താപ വൈദ്യുത പദ്ധതി, കാസർഗോഡ്. |

സെക്ഷൻ ഓഫീസർ